**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ പി. ഒ , തിരുവനന്തപുരം 695035,
ഫോൺ: 0471-2302490 ഫാക്സ് 0471-2303025/20303080
ഇ-മെയിൽ dhskerala@gmail.comവെബ്സൈറ്റ് www.dhs.kerala.gov.in

ഇ . എച്ച് 1/31371/2025/ആ.വ .ഡ      തീയതി- 13-04-2026

## <u>സർക്കുലർ</u>

വിഷയം : ആരോഗ്യ വകുപ്പിലെ ജീവനക്കാരുടെ 2026 -ലെ പൊതു സ്ഥലംമാറ്റത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പരാമർശം: 1. സ.ഉ.(പി)നമ്പർ.03/2017/ഉ.ഭ.പ.വ.തീയതി. 25.02.2017.

2. സ.ഉ.(സാധാ) നം.1097/2026/H&FWD തീയതി: 14-03-2026

3. സ.ഉ.(സാധാ) നം.1369/2026/H&FWD തീയതി : 10-04-2026

പരാമർശം ഉത്തരവ് 2 പ്രകാരം ആരോഗ്യ വകുപ്പിൽ 2026 -ലെ പൊതു സ്ഥലംമാറ്റ നടപടികൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവായിരുന്നു. എന്നാൽ 15.03.2026 -ൽ നിയമസഭാ തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുകയും മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വരുകയും ചെയ്ത സാഹചര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിരുന്നില്ല. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുകയും തുടർന്ന് മേൽ സൂചന 3 പ്രകാരം പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന തീയതികളിലായി 2026 -ലെ പൊതു സ്ഥലംമാറ്റം നടപ്പിലാക്കുന്നതാണ്.

1. ജീവനക്കാർക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യം 12/4/2026- മുതൽ 27/04/2026 - ന് വൈകുന്നേരം 5.00 മണിവരെ ആയിരിക്കും .

2. ജീവനക്കാർ സമർപ്പിക്കുന്ന അപേക്ഷ ആഫീസ് മേധാവി പരിശോധിച്ച് 02/05/2026 -ന് വൈകുന്നേരം 5.00 മണിയ്ക്ക് മുമ്പായി അതതു ജില്ലാ മെഡിക്കൽ ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

3. ജില്ലാ മെഡിക്കൽ ആഫീസർക്ക് ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച്

ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ട അവസാന തീയതി **11/05/2026** -ന് വൈകുന്നേരം **5.00** മണി ആയിരിക്കും .

**4.** കരട് പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി : **18/05/2026**

**5.** കരടിന്മേൽ പരാതികൾ സ്വീകരിക്കുന്ന അവസാന തീയതി : **22/05/2026**

**6.** അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി : **30/05/2026**

മേൽ പരാമർശം ഉത്തരവ് **1** -ന്റെ അടിസ്ഥാനത്തിലുള്ള പൊതുസ്ഥലം മാറ്റ മാനദണ്ഡങ്ങൾ **Annexure -1** ആയും, അപേക്ഷ സമർപ്പിക്കേണ്ടതായ രീതി, സ്ഥാപന മേധാവിയുടേയും, ജില്ലാ മെഡിക്കൽ ഓഫീസറുടേയും കർത്തവ്യങ്ങൾ എന്നിവ വിശദമാക്കുന്ന **User Manual** എന്നിവ ഇതോടൊപ്പം **Annexure - II** ആയും ഉള്ളടക്കം ചെയ്യുന്നു.

Digitally signed by
Reena K J
Date: 13-04-2026
10:58:32

ഡോ . റീന കെ. ജെ
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ് :- എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും/സ്ഥാപന മേധാവികൾക്കും/ ജീവനക്കാർക്കും

പകർപ്പ് :- ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്